എ.പി.എൽ. - 8 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും (നോർമൽ)

ബി.പി.എൽ. - 25 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും

എ.എ.വൈ. - 35 കി.ഗ്രാം അരി

ഭക്ഷണവില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം

199 (3949) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതിന് അടിയന്തിരമായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇത് സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കൂടി ഉൾപ്പെടുത്തി സാധാരണക്കാർക്ക് പ്രാപ്തമായ വിലയിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്.

ചാലക്കുടി, കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് ബി.പി.എൽ. പെർമിറ്റ്

200 (3950) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് നിലവിൽ അനുദിച്ചിട്ടുള്ള എ.പി.എൽ. പെർമിറ്റ് ബി.പി.എൽ. ആക്കി മാറ്റി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവർക്ക് ബി.പി.എൽ. പെർമിറ്റ് അടിയന്തിരമായി അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പേഷ്യന്റ്സ് സൊസൈറ്റിയിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് പഞ്ചസാര ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലെ എ.പി.എൽ. റേഷൻ പെർമിറ്റ് ബി.പി.എൽ. റേഷൻ പെർമിറ്റ് ആയി മാറ്റുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

പീപ്പിൾസ് ബസാറുകളുടെ പ്രവർത്തനം

201 (3951) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

14 ജില്ലാ കേന്ദ്രങ്ങളിലും ഉണ്ടായിരുന്ന പീപ്പിൾസ് ബസാറുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവ പ്രവർത്തനം നിർത്താനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച.അടിയിലധികം വിസ്തീർണ്ണമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ച് വരുന്നതുമായ സൂപ്പർമാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്രകാരം കണ്ണൂർ ജില്ലയിലൊഴികെ മറ്റെല്ലാ ജില്ലകളിലുമായി പ്രവർത്തനം ആരംഭിച്ച 25 പീപ്പിൾസ് ബസാറുകളും ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ച് പൊതുജനങ്ങളക്ക് സേവനം നൽകിവരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ കണ്ണൂർ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. പ്രവർത്തനം ആരംഭിച്ച പീപ്പിൾസ് ബസാറുകൾ ഒന്നും ഇതുവരെ പ്രവർത്തനം നിർത്തിയിട്ടില്ല.

കേരളത്തിലെ പഴം-പച്ചക്കറി സംഭരണവും സംസ്കരണവും

202 (3952) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: